I ഇ.ബി. XIV - കേരള നിയമസഭ /X-20

# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2018 മാർച്ച് 28, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## I അടിയന്തരപ്രമേയം

ക്വട്ടേഷൻ/ഗുണ്ടാ സംഘങ്ങളുടെ അതിക്രമം

മി. സ്പീക്കർ: ക്വട്ടേഷൻ സംഘങ്ങളുടെയും ഗുണ്ടകളുടെയും അഴിഞ്ഞാട്ടംമൂലം മുൻ റേഡിയോ ജോക്കി രാജേഷ് കുമാർ മരണപ്പെടാനിടയായ സംഭവവും സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ക്വട്ടേഷൻ/ഗുണ്ടാ സംഘങ്ങളെ നിയന്ത്രിക്കുന്നതിൽ സർക്കാരിന്റെയും പോലീസിന്റെയും പരാജയവും ജനങ്ങളിൽ ആശങ്കയും അരക്ഷിതാവസ്ഥയും സൃഷ്ടിച്ചിരിക്കുന്നതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന

ഗുരുതരമായ സാഹചര്യം ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ. മുരളീധരൻ, പി. ഉബൈദുള്ള, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സംസ്ഥാനത്ത് ക്വട്ടേഷൻ/ഗുണ്ടാ സംഘങ്ങളുടെ അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നു എന്ന പ്രസ്താവന വാസ്തവ വിരുദ്ധമാണ്. ഇത്തരത്തിലുള്ള അക്രമസംഭവങ്ങൾ കുറഞ്ഞുവരുന്നു എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. മടവൂർ മെട്രോ റിക്കാർഡിംഗ് സ്റ്റുഡിയോ സ്ഥാപനമുടമയും നാടൻപാട്ട് അവതാരകനുമായ മുൻ റേഡിയോ ജോക്കി രാജേഷ് കുമാറും സുഹൃത്ത് കുട്ടനും കഴിഞ്ഞ ദിവസം കലാപരിപാടി കഴിഞ്ഞ് സ്വന്തം സ്റ്റുഡിയോയിൽ വിശ്രമിക്കുമ്പോഴാണ് നാലംഗ അക്രമിസംഘം ഇരുവരെയും വെട്ടിപ്പരിക്കേൽപ്പിച്ചത്. ഇവരെ പാരിപ്പള്ളി മെഡിക്കൽ കോളേജിൽ പ്രവേശിപ്പിച്ചെങ്കിലും രാജേഷ് കുമാർ പുലർച്ചയോടെ മരണപ്പെടുകയുണ്ടായി. ഈ സംഭവത്തിൽ പള്ളിക്കൽ പോലീസ് കേസ് രജിസ്റ്റർ ചെയ്യുകയും ഡിവൈ.എസ്.പി.-യുടെ നേതൃത്വത്തിലുള്ള ഏഴംഗ സംഘം ഊർജ്ജിത അന്വേഷണം നടത്തിവരികയുമാണ്. ആറ്റിങ്ങലിൽ ബൈക്കിൽ സഞ്ചരിച്ച യുവാവിനെ വെട്ടിയും ചാവക്കാട് രമേശ് എന്നയാളെ മർദ്ദിച്ചും കൊലപ്പെടുത്തിയ സംഭവത്തിൽ കേസന്വേഷണം പൂർത്തിയാക്കി കോടതിയിൽ വിചാരണ

നടക്കുകയാണ്. ബ്ലേഡ് മാഫിയ സംഘങ്ങളെ അമർച്ച ചെയ്യുന്നതിനായി ആരംഭിച്ച 'ഓപ്പറേഷൻ കുബേര'യുടെ പ്രവർത്തനങ്ങൾ തുടരുന്നുണ്ട്. മടവൂരിലുണ്ടായ സംഭവമൊഴിച്ച് നോട്ടീസിൽ പറഞ്ഞിട്ടുള്ള എല്ലാ കേസ്സുകളിലും സർക്കാർ ശക്തമായ നടപടി സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. രാജേഷ്കുമാറിന്റെ കൊലയാളികളെ പ്രത്യേക അന്വേഷണ സംഘം ഉടൻ അറസ്റ്റ് ചെയ്യുന്നതാണ്. സംസ്ഥാനത്തെ ക്രമസമാധാനനില ഭദ്രമാണ്. ഒറ്റപ്പെട്ട ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ കർശന നടപടി സ്വീകരിക്കുന്നതാണ്.

<u>ശ്രീ. കെ. മുരളീധരൻ</u>: ആഭ്യന്തര വകുപ്പിന്റെ ചുമതലയുള്ള മുഖ്യമന്ത്രി ഇത്തരം സന്ദർഭങ്ങളിൽ സഭയിൽ നിന്നും വിട്ടുനിൽക്കുന്നത് ശരിയായ പ്രവണതയല്ല. ക്വട്ടേഷൻ സംഘങ്ങളുടെ തേർവാഴ്ച സംസ്ഥാനത്ത് തുടരുകയാണ്. ശക്തമായ തുടർ നടപടി സ്വീകരിക്കാത്തതിന്റെ ഫലമായാണ് ഇത്തരം സംഭവങ്ങൾ ആവർത്തിക്കപ്പെടുന്നത്. ഒരു കേസ്സിലും പ്രതിയല്ലാത്ത രാജേഷ്കുമാറിനെ വെട്ടിക്കൊലപ്പെടുത്തിയ സംഭവം നടുക്കമുണ്ടാക്കുന്നതാണ്. നിരന്തരമായി നടക്കുന്ന ഇത്തരം അക്രമങ്ങൾ തടയാൻ പോലീസിന് സാധിക്കുന്നില്ലെന്നുമാത്രമല്ല പലപ്പോഴും പോലീസുതന്നെ കേസിലെ പ്രതികളായി മാറുന്ന അവസ്ഥയാണുള്ളത്. മനുഷ്യജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ട പോലീസ് ക്വട്ടേഷൻ സംഘങ്ങളെയും കുറ്റവാളികളെയും സംരക്ഷിക്കുന്ന നിലപാടാണ് സ്വീകരിക്കുന്നത്.

സംസ്ഥാനത്തെ ബാധിക്കുന്ന ഗുരുതരമായ വിഷയങ്ങൾ ചർച്ച ചെയ്യുന്ന വേളയിൽ മുഖ്യമന്ത്രി സഭയിലില്ലാതിരിക്കുന്നത് നിർഭാഗ്യകരമാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ശ്രീ. വി. ജോയി: രാജേഷ് കുമാറിന്റെ ദാരുണമായ കൊലപാതകവുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തുന്നതിനായി നിയോഗിച്ചിട്ടുള്ള പ്രത്യേക അന്വേഷണ സംഘത്തിനുപുറമെ ഉന്നത പോലീസുദ്യോഗസ്ഥരെക്കൂടി ചുമതലപ്പെടുത്തുന്നതിനും പരേതന്റെ കുടുംബത്തെ സഹായിക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): ഗുണ്ടാ ആക്രമണങ്ങൾ തടയുന്നതിന് ഫലപ്രദമായ ഇടപെടലുകളാണ് സംസ്ഥാന പോലീസ് സ്വീകരിച്ചുവരുന്നത്. സംസ്ഥാനത്തെ ക്രമസമാധാന നില ഭദ്രമാണ്. ഒഴിവാക്കാനാകാത്ത ചില പരിപാടികളിൽ പങ്കെടുക്കേണ്ടതുകൊണ്ടാണ് മുഖ്യമന്ത്രി സഭയിൽ ഹാജരാകാത്തത്. 'കാപ്പ' നിയമപ്രകാരം നിരവധിയാളുകളെ അറസ്റ്റ് ചെയ്തതിലൂടെ സംസ്ഥാനത്ത് ഗുണ്ടാവിളയാട്ടം അവസാനിപ്പിക്കാനും കൊലപാതകങ്ങളുടെ എണ്ണം കുറയ്ക്കാനും സാധിച്ചിട്ടുണ്ട്. ക്രിമിനൽ സ്വഭാവമുള്ള പോലീസ് സേനാംഗങ്ങൾക്കെതിരെ നടപടി സ്വീകരിച്ചു. മുൻസർക്കാർ നടപ്പിലാക്കിയ 'ഓപ്പറേഷൻ കുബേര' പോലുള്ള പദ്ധതികൾ സർക്കാർ തുടരുന്നുണ്ട്.

ജനകീയ സ്വഭാവത്തോടുകൂടിയ ഇടപെടലിന്റെ ഫലമായി ക്രമസമാധാന രംഗത്ത് നേട്ടം കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ നിരവധി പദ്ധതികൾക്ക് ദേശീയ അംഗീകാരം ലഭിക്കുകയും സ്റ്റുഡന്റ് പോലീസ് കേഡറ്റ്, ജനമൈത്രി പോലീസ് പോലുള്ള പദ്ധതികൾ ഇതര സംസ്ഥാനങ്ങൾ മാതൃകയാക്കിയിട്ടുണ്ട്. ജനങ്ങളുടെ സ്വൈരജീവിതം ഉറപ്പാക്കുന്ന കാര്യത്തിൽ യാതൊരുവിധ അനാസ്ഥയും സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായിട്ടില്ല. മുൻ സർക്കാരിന്റെ കാലത്ത് തെളിയിക്കപ്പെടാതിരുന്ന പല കേസുകളും തെളിയിക്കാൻ സർക്കാരിന് സാധിച്ചു. കുറ്റകൃത്യങ്ങൾ ഒഴിവാക്കുന്ന കാര്യത്തിൽ കൂട്ടായ ശ്രമം നടത്തണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, അനൂപ് ജേക്കബ്, മോൻസ് ജോസഫ്, ഡോ. എം. കെ. മുനീർ എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## II ശ്രദ്ധക്ഷണിക്കൽ

### (1) കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ് നേരിടുന്ന സാമ്പത്തിക പ്രതിസന്ധി

ശ്രീ. ചിറ്റയം ഗോപകുമാർ: 1991-ൽ പ്രവർത്തനം ആരംഭിച്ച കേരള കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ് സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. അംഗങ്ങളിൽനിന്നുള്ള വാർഷിക അംശദായവും ഭൂവുടമാ വിഹിതവും സർക്കാരിന്റെ മാച്ചിംഗ് ഗ്രാന്റുമുൾപ്പെടെ ബോർഡിന്റെ പ്രതിവർഷ വരുമാനം 12 കോടി രൂപയും തൊഴിലാളികളുടെ ആനുകൂല്യങ്ങളുൾപ്പെടെ ചെലവ് 36 കോടി രൂപയും അധിക ബാദ്ധ്യത 24 കോടി രൂപയുമാണ്. ഇത് പരിഹരിക്കാൻ സർക്കാർ പ്രതിവർഷ ഗ്രാന്റായി 30 കോടി രൂപയെങ്കിലും നൽകണം. 2011 മുതൽ തൊഴിലാളികളുടെ പെൻഷനും മറ്റാനുകൂല്യങ്ങളും കുടിശ്ശികയാണ്. സംസ്ഥാനത്തെ കർഷകത്തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കാനും പ്രതിമാസ അംശദായം 5 രൂപയിൽ നിന്നും 20 രൂപയാക്കി വർദ്ധിപ്പിച്ച് തത്തുല്യമായ സർക്കാർ ഗ്രാന്റ് ലഭ്യമാക്കാനും ഭൂവുടമാ വിഹിതം കാലാനുസൃതമായി വർദ്ധിപ്പിക്കാനും ആയത് ക്ഷേമനിധി ബോർഡിൽ അടയ്ക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനും ഇതുസംബന്ധിച്ച് കൃത്യമായ രേഖകൾ സൂക്ഷിക്കാനും നടപടി സ്വീകരിക്കണം. ഭൂമി ക്രയവിക്രയം നടത്തുന്നതിലൂടെ ലഭിക്കുന്ന സെസ് കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന്

ലഭ്യമാക്കുന്നതിനും അംഗങ്ങൾക്ക് നൽകി വരുന്ന വിവാഹ ധനസഹായം 50,000/- രൂപയായും ചികിത്സാ ധനസഹായം 5,000/- രൂപയായും വർദ്ധിപ്പിക്കുന്നതോടൊപ്പം മരണാനന്തര ധനസഹായവും ബോർഡിൽ നിന്നും പിരിഞ്ഞുപോകുന്ന അംഗങ്ങൾക്ക് നൽകി വരുന്ന സഹായവും കാലോചിതമായി വർദ്ധിപ്പിക്കാനും ക്ഷേമനിധി ബോർഡിലുള്ള കുടിശ്ശിക കൊടുത്തുതീർക്കാനും നടപടി സ്വീകരിക്കണം.

ശ്രീ. സി. കെ. ശശീന്ദ്രൻ: കേരള കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങളുടെ കുടിശ്ശിക പൂർണ്ണമായി കൊടുത്തുതീർക്കാനും അംശദായം വർദ്ധിപ്പിച്ച് തത്തുല്യമായ മാച്ചിംഗ് ഗ്രാന്റ് ലഭ്യമാക്കാനും അംഗങ്ങൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങളിന്മേൽ കാലാനുസൃതമായ മാറ്റം വരുത്തുന്നതിനുമായി ഒരു കമ്മിറ്റി രൂപീകരിച്ച് കർഷകത്തൊഴിലാളി സംഘടനകളുമായി ചർച്ച നടത്തി ബോർഡിന് ഭേദഗതി നിയമം കൊണ്ടുവരുന്നതിന് സർക്കാർ മുൻകയ്യെടുക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): തൊഴിലാളികളിൽ നിന്നുള്ള അംശദായവും ഭൂവുടമകളിൽ നിന്നുള്ള വിഹിതവുമാണ് കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രധാന വരുമാന മാർഗ്ഗങ്ങൾ. 2010 ജനുവരി മുതൽ തൊഴിലാളികളുടെ അംശദായത്തിനു തുല്യമായ തുക മാച്ചിംഗ്

ഗ്രാന്റായി അനുവദിച്ചുകൊണ്ട് നിയമത്തിൽ ഭേദഗതി വരുത്തിയെങ്കിലും ഈയിനത്തിൽ 41.02 കോടി രൂപ സർക്കാരിൽ നിന്നും ലഭിക്കേണ്ടതുണ്ട്. തൊഴിലാളികൾക്ക് നൽകി വരുന്ന റിട്ടയർമെന്റ് ആനുകൂല്യം, വിവാഹ-മരണാനന്തര-ചികിത്സാ ധനസഹായങ്ങൾ, പ്രസവാനുകൂല്യം എന്നീ ഇനങ്ങളിലായി 283.93 കോടി രൂപ കുടിശ്ശികയാണ്. നിലവിൽ ബോർഡിൽ അംശദായമടയ്ക്കുന്ന 60 വയസ്സ് പൂർത്തിയായ ഒരംഗം വിരമിക്കുമ്പോൾ പ്രതിവർഷം 625 രൂപ നിരക്കിൽ ആനുകൂല്യം നൽകുന്നതോടൊപ്പം അംഗത്വ കാലയളവിൽ മറ്റ് ക്ഷേമാനുകൂല്യത്തിനും അർഹതയുണ്ടായിരിക്കുന്നതാണ്. ഏകദേശം 9 കോടിയോളം രൂപ പ്രതിവർഷ വരുമാനം ലഭിക്കുന്ന ബോർഡിന് വിവിധ ക്ഷേമാനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് 40 കോടിയോളം രൂപ ആവശ്യമാണ്. 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതവും സപ്ലിമെന്ററി ഡിമാന്റ്സ് ഫോർ ഗ്രാന്റായി അനുവദിച്ച തുകയും ചെലവുകൾക്കായി ബോർഡിന് അനുവദിച്ചിട്ടുണ്ട്. തൊഴിലാളികളിൽ നിന്നുള്ള അംശദായവും ഭൂവുടമാവിഹിതവും കാലോചിതമായി വർദ്ധിപ്പിക്കുന്നതിനായി ബോർഡ് സമർപ്പിച്ചിട്ടുള്ള ശിപാർശകളിന്മേൽ തൊഴിലാളി സംഘടനകളുമായി ചർച്ച നടത്തി തീരുമാനമെടുക്കുന്നതാണ്. കേരള കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ് ഇപ്പോൾ നേരിടുന്ന സാമ്പത്തിക പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും അംഗങ്ങൾക്ക് അർഹതപ്പെട്ട

ആനുകൂല്യങ്ങൾ കുടിശ്ശിക സഹിതം അനുവദിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ഭൂനികുതി വർദ്ധനവിലൂടെ ലഭിക്കുന്ന അധിക തുക കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന് ലഭ്യമാക്കുന്നതിലൂടെ ബോർഡിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താൻ സാധിക്കുന്നതാണ്.

(2) കൂട്ടുപുഴ പാലം

ശ്രീ. സണ്ണി ജോസഫ്: തലശ്ശേരി-മൈസൂർ അന്തർ സംസ്ഥാന പാതയിലെ കെ.എസ്.ടി.പി. രണ്ടാം ഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതും രണ്ട് റീച്ചുകളിലായി 350 കോടി രൂപ ചെലവിൽ നവീകരണ പ്രവർത്തനങ്ങൾ നടക്കുന്നതുമായ തലശ്ശേരി-കൂട്ടുപുഴ റോഡ് നിർമ്മാണം തടസങ്ങൾ കാരണം നിർത്തിവച്ചിരിക്കുകയാണ്. കാലപ്പഴക്കം ചെന്ന കൂട്ടുപുഴ പാലത്തിനുള്ള ബദൽ പാലം നിർമ്മാണം കർണ്ണാടക ഫോറസ്റ്റ് അധികൃതരുടെ എതിർപ്പുകാരണം തടസ്സപ്പെട്ടിരിക്കുകയാണ്. പ്രസ്തുത തടസ്സങ്ങൾ പരിഹരിക്കുന്നതിന് കർണ്ണാടക സർക്കാരുമായി ചർച്ച നടത്തുന്നതിനും നിർമ്മാണപ്രവൃത്തികൾ പുനരാരംഭിക്കുന്നതിനും ഗതാഗത തിരക്ക് ഒഴിവാക്കുന്നതിനും സത്വര നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): കർണ്ണാടക ഗവൺമെന്റിന്റെയും വനം വകുപ്പിന്റെയും കാര്യക്ഷമത ഇല്ലായ്മയാണ്

കുട്ടുപുഴ പാലം നിർമ്മാണം പ്രാവർത്തികമാകാത്തതിന് കാരണം. പാലം ഉൾപ്പെടുന്ന തലശ്ശേരി വളവുപാറ റോഡ് രണ്ടാമത്തെ റീച്ചിലാണ് സ്ഥിതി ചെയ്യുന്നത്. വനം വകുപ്പിന്റെ ഭൂമി കയ്യേറിയെന്ന് പറഞ്ഞാണ് നിർമ്മാണം നിർത്തിവച്ചിട്ടുള്ളത്. പ്രശ്നത്തിന്റെ ഗൗരവം കണക്കിലെടുത്ത് കണ്ണൂർ ജില്ലാ കളക്ടർ കുടക് ജില്ലാ കളക്ടറുമായി ബന്ധപ്പെടുകയുണ്ടായി. കെ.എസ്.ടി.പി. ഉദ്യോഗസ്ഥരും റവന്യൂ ഉദ്യോഗസ്ഥരും കർണ്ണാടക വനം വകുപ്പ് ഉദ്യോഗസ്ഥരുമായി സംയുക്ത പരിശോധന നടത്തിയതിനുശേഷവും അവർ അവരുടെ വാദഗതികളിൽ ഉറച്ചുനിൽക്കുകയാണ്. കെ.എസ്.ടി.പി. അധികൃതർ വിരാജ്പേട്ട താലൂക്ക് ഓഫീസുമായി ബന്ധപ്പെട്ടെങ്കിലും അതിർത്തി സംബന്ധിച്ച കൃത്യമായ രേഖകൾ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. കേരളത്തിന്റെ ഭാഗത്തുനിന്നുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെങ്കിലും സംസ്ഥാന അതിർത്തി തിട്ടപ്പെടുത്തിയെങ്കിൽ മാത്രമേ കുട്ടുപുഴ പാലത്തിന്റെ പ്രവൃത്തി പൂർത്തിയാക്കാൻ സാധിക്കുകയുള്ളു. അതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. തലശ്ശേരി-മൈസൂർ പാത, നിലമ്പൂർ-നഞ്ചൻകോട് പാത എന്നിവയിലും തടസ്സം നിലനിൽക്കുന്നുണ്ട്. കർണ്ണാടകയും തമിഴ്നാടും തമ്മിലുള്ള പ്രശ്നമാണ് വികസന പ്രവർത്തനങ്ങൾക്ക് തടസ്സമാകുന്നത്. തുടർച്ചയായ സമ്മർദ്ദങ്ങളും ഇടപെടലുകളും ഇനിയും ആവശ്യമാണ്. സംസ്ഥാന ഗവൺമെന്റ് ഇക്കാര്യത്തിൽ മുന്നോട്ടുപോകാനാണ്

തീരുമാനിച്ചിരിക്കുന്നത്. സെക്രട്ടറി തലത്തിലോ മന്ത്രിതലത്തിലോ ഒരു ഉന്നതതല സംഘം കർണ്ണാടക മന്ത്രിമാരെ കണ്ട് ഇക്കാര്യത്തിൽ പരിഹാരമുണ്ടാക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്.

## III സബ്മിഷൻ

### (1) കുട്ടിക്കാനം കൊട്ടാരം

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): കുട്ടിക്കാനം കൊട്ടാരം അന്യാധീനപ്പെട്ടുപോകുന്നത് തടയുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): വില്ലേജ് ബി.ടി.ആർ.പ്രകാരം 73.1080 ഹെക്ടർ സ്ഥലം കുട്ടിക്കാനം കൊട്ടാരം വകയെന്ന് രേഖപ്പെടുത്തി സർക്കാർ ഭൂമി ഇനത്തിൽ ചേർത്തിട്ടുള്ളതാണ്. നിലവിൽ വിവിധ തണ്ടപ്പേരുകളിലായി 9.7165 ഹെക്ടർ സ്ഥലം സ്വകാര്യ വ്യക്തികളുടെ പേരിൽ വില്ലേജ് റിക്കാർഡിൽ ഉൾപ്പെട്ടിട്ടുണ്ട്. കൊട്ടാരം വസ്തു സ്വകാര്യ വ്യക്തികളുടെ പേരിൽ വില്ലേജ് റിക്കാർഡുകളിൽ ഉൾപ്പെട്ടിരിക്കുന്നത് സംബന്ധിച്ച് വിശദ പരിശോധനയ്ക്ക് റവന്യൂ കമ്മീഷണറെ നിയോഗിച്ചിട്ടുണ്ട്.

## (2) റീസർവ്വേ നടപടികളിലെ അപാകത

ശ്രീ. ബി. സത്യൻ: വർക്കല താലൂക്കിലെ തൊപ്പിച്ചന്ത, തൊട്ടിക്കല്ല് ഭാഗങ്ങളിലെ വസ്തുക്കൾ റീസർവ്വേ നടപടികളിൽ മിച്ചഭൂമിയായി രേഖപ്പെടുത്തിയതുമൂലം ഉളവായിട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): ചിറയിൻകീഴ് താലൂക്ക് ലാന്റ് ബോർഡിന്റെ 18.01.2000-ലെ ഉത്തരവനുസരിച്ച് മിച്ചഭൂമിയായി നിശ്ചയിക്കപ്പെട്ട ഭൂമി അന്യ കൈവശങ്ങളിലായതിനാലും 01-01-1976 മുതൽ 24-09-2008 വരെ 406 കൈമാറ്റങ്ങൾ നടന്നിട്ടുണ്ടെന്ന് ജില്ലാകളക്ടർ റിപ്പോർട്ട് നൽകിയിട്ടുള്ളതിനാലും റീസർവ്വേ റിക്കാർഡുകൾ പ്രാബല്യത്തിൽ വന്നതിനെത്തുടർന്ന് ഭൂമി തിരിച്ചറിഞ്ഞ് ഏറ്റെടുക്കൽ നടപടി പൂർത്തിയാക്കിയിട്ടില്ലാത്തതിനാലും മിച്ചഭൂമിയിൽ ഉൾപ്പെട്ടുവരാൻ സാദ്ധ്യതയുള്ള പട്ടയം ലഭിക്കാത്ത കക്ഷികൾ കൈവശം വച്ചുവരുന്ന ഭൂമിക്ക് നിലവിൽ കരം സ്വീകരിക്കുന്നില്ല. പട്ടയം ലഭിച്ചിട്ടുള്ള കക്ഷികളിൽ നിന്നും കരം സ്വീകരിച്ചുവരുന്നുണ്ട്. മണമ്പൂർ വില്ലേജിലെ ഭൂമി കൈമാറ്റങ്ങൾ നടന്ന വർഷങ്ങൾ, നിലവിലെ കൈവശക്കാർക്ക് ഭൂമി ലഭ്യമായതിന്റെ വിശദാംശങ്ങൾ, പ്രസ്തുത ഭൂമി അളന്ന് തിട്ടപ്പെടുത്തുന്നതിന് രൂപീകരിച്ച സർവ്വേ ടീമിന്റെ അന്തിമ റിപ്പോർട്ട്

എന്നിവ പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(3) മഞ്ചേരി ഫയർ സ്റ്റേഷൻ

ശ്രീ. എം. ഉമ്മർ: താൽക്കാലിക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന മഞ്ചേരി ഫയർ സ്റ്റേഷന് സ്ഥലം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): 4-6-2015-ലെ സർക്കാർ ഉത്തരവ് പ്രകാരം മഞ്ചേരി ടെക്നിക്കൽ ഹൈസ്കൂളിന്റെ 50 സെന്റ് സ്ഥലം ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചു. മലപ്പുറം ജില്ലയിലെ നറുകര വില്ലേജിൽ 20.23 ആർ സ്ഥലം ഫയർ സ്റ്റേഷൻ നിർമ്മിക്കുന്നതിന് അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ഫയർ ആൻറ് റസ്ക്യൂ വകുപ്പിന് ലാൻഡ് റവന്യൂ കമ്മീഷണർ 9/12/2015-ലെ കത്ത് പ്രകാരം ലഭ്യമാക്കിയിരുന്നു. റവന്യൂ രേഖകൾ പ്രകാരം സർക്കാർ പുറമ്പോക്ക് ഭൂമിയിൽപ്പെട്ടതും മഞ്ചേരി ടെക്നിക്കൽ ഹൈസ്കൂളിന്റെ കൈവശമിരിക്കുന്നതുമായ സ്ഥലമാണിത്. ഭൂമി സംബന്ധമായ ഉത്തരവുകൾ പുറപ്പെടുവിക്കാനുള്ള അധികാരം റവന്യൂ വകുപ്പിൽ നിക്ഷിപ്തമായിരിക്കെ ഉന്നത വിദ്യാഭ്യാസ വകുപ്പ് പുറപ്പെടുവിച്ച ഉത്തരവ് റദ്ദ് ചെയ്തതിനുശേഷം ഭൂമി കൈമാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നതിനായി ഫയൽ തിരികെ നൽകാൻ ആഭ്യന്തര വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഫയൽ ലഭ്യമാക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്.

(4) കർഷകർക്ക് പട്ടയം

ശ്രീ. റോഷി അഗസ്റ്റിൻ: ഇടുക്കി ജില്ലയിലെ കൊന്നത്തടി പഞ്ചായത്തിലെ കർഷകർക്ക് പട്ടയം നൽകുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുന്നതിനും ആവശ്യമായ സർവ്വേ ജീവനക്കാരെ നിയമിക്കുന്നതിനും പട്ടയമേള സംഘടിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): പെരിഞ്ഞാൻകുട്ടി പദ്ധതിക്കായി ഏറ്റെടുത്ത പ്രദേശങ്ങളിൽ പട്ടയം നൽകുന്നതിന് തഹസീൽദാർക്ക് അധികാരം നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും നാളിതുവരെ 5688 പട്ടയങ്ങൾ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ലഭിച്ച അപേക്ഷകളിന്മേൽ 80 പട്ടയങ്ങൾ വിതരണം ചെയ്യുകയും ബാക്കിയുള്ള അപേക്ഷകളിന്മേൽ സർവ്വേ ജോലികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. അനുബന്ധ നടപടികൾ പൂർത്തീകരിച്ച് പട്ടയം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. വിവിധ മേഖലകളിൽ ഒരേ സമയം സർവ്വേ ജോലികൾ പൂർത്തീകരിക്കുന്നതിനുള്ള ജീവനക്കാരുടെയും സർവ്വേ ഉപകരണങ്ങളുടെയും അപര്യാപ്തത പരിഹരിക്കുന്നതിന് നിർദ്ദേശം നൽകുകയും ഇടുക്കിയിൽ പട്ടയമേള സംഘടിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതുമാണ്.

(5) ജലസേചന പദ്ധതികൾ

ശ്രീ. ഒ. ആർ. കേളു: കബനി നദിയിലെ ജലം ഉപയോഗപ്പെടുത്തി ജലസേചന പദ്ധതികൾ ആരംഭിക്കുന്നതിനും നിലവിലുള്ള പദ്ധതികൾ ക്രമീകരിക്കുന്നതിനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): കബനി നദിയിൽ നിന്ന് 21 ടി.എം.സി. ജലമാണ് കേരളത്തിന് ഉപയോഗിക്കാൻ അവകാശമുള്ളത്. കുടിവെള്ളം, കൃഷി, വൈദ്യുതി ഉൽപ്പാദനം, ജലസേചനം എന്നിവയ്ക്കായി വിവിധ പദ്ധതികൾ ആവിഷ്കരിച്ചാൽ മാത്രമേ ജലം ഉപയോഗിക്കാൻ സാധിക്കുകയുള്ളൂ. അതിനുള്ള പരിസ്ഥിതി ആഘാത പഠനമടക്കമുള്ള കാര്യങ്ങളിൽ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. വയനാട് ജില്ലയിലെ വരൾച്ചബാധിത പ്രദേശങ്ങളിൽ കൃഷിക്കും കുടിവെള്ളത്തിനും മറ്റ് ആവശ്യങ്ങൾക്കും ഉപയോഗപ്രദമായ പദ്ധതികൾ മുൻഗണനാക്രമത്തിൽ നടപ്പിലാക്കാനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

(6) കുടിവെള്ള പദ്ധതി

ശ്രീ. ഇ. കെ. വിജയൻ: കുന്നുമ്മൽ അനുബന്ധ കുടിവെള്ള പദ്ധതി കമ്മിഷൻ ചെയ്യുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): കുന്നമ്മൽ അനുബന്ധ കുടിവെള്ള പദ്ധതിയുടെ ഭാഗമായി 19 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജലശുദ്ധീകരണശാല പൂർത്തീകരിച്ചുകഴിഞ്ഞു. നാദാപുരം, കുറ്റിയാടി, വാണിമേൽ എന്നിവിടങ്ങളിലെ ജലസംഭരണികൾ, പമ്പിംഗ് മെയിനുകൾ, ട്രാൻസ്ഫോർമർ, പമ്പുസെറ്റുകൾ എന്നിവയും പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ പദ്ധതിയുടെ ചാർജ്ജിംഗും ട്രയൽ റണ്ണും നടന്നുവരികയാണ്. ഈ പദ്ധതിയിലുൾപ്പെട്ട വളയം, വാണിമേൽ, നരിപ്പറ്റ എന്നിവിടങ്ങളിലെ ജലസംഭരണികളിൽ വെള്ളമെത്തിച്ചിട്ടുണ്ട്. കായക്കുടി വില്ലേജിൽ വിതരണ ശൃംഖലയിലെ 90 ശതമാനവും നരിപ്പറ്റ വില്ലേജിൽ 65 ശതമാനവും ചാർജ്ജ് ചെയ്ത് കണക്ഷൻ നൽകാൻ സജ്ജമായിട്ടുണ്ട്. കുടിവെള്ള വിതരണ ശൃംഖലകളിലെ ബാക്കിയുള്ള ചാർജ്ജിംഗ് നടപടികൾ നടന്നുവരികയാണ്. വിതരണ ശൃംഖലയുടെ ചാർജ്ജിംഗിനിടയിൽ പി.ഡബ്ല്യൂ.ഡി. റോഡുകളിലുണ്ടാകുന്ന ലീക്കുകൾ പരിഹരിക്കുന്നതിന് സമയം വേണ്ടിവരുമെന്നതിനാൽ ചാർജ്ജിംഗിനും കാലതാമസം നേരിടുന്നുണ്ട്. വരൾച്ച നേരിടത്തക്ക വിധത്തിൽ പദ്ധതി പൂർത്തിയാക്കി കമ്മീഷൻ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്.

(7) തൃത്താല സിവിൽ സ്റ്റേഷൻ

ശ്രീ. വി. ടി. ബൽറാം: തൃത്താല മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന്

ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): 2016-17-ലെ ബഡ്ജറ്റിൽ തൃത്താല മിനി സിവിൽ സ്റ്റേഷന് ഫണ്ട് അനുവദിക്കുന്ന കാര്യം പരാമർശിച്ചിരുന്നെങ്കിലും അക്കൗണ്ടിൽ പണമില്ലാത്തതിനാൽ അനുവദിച്ചിരുന്നില്ല. എന്നാൽ ഇത്തവണത്തെ ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ ഭരണ വകുപ്പിൽനിന്ന് വരുന്ന മുറയ്ക്ക് പരിഗണിക്കാവുന്നതാണ്.

(8) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ കാലാവധി

ശ്രീ. എ. എൻ. ഷംസീർ: സഹകരണ ബാങ്കുകളിലെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ കാലാവധി മൂന്നുമാസത്തേയ്ക്കുകൂടി ദീർഘിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സംസ്ഥാന സഹകരണ ബാങ്കുകളിലെ വായ്പാ കുടിശ്ശിക വർദ്ധിച്ചുവരികയും തിരിച്ചടവ് ഗണ്യമായി കുറയുകയും ചെയ്ത സാഹചര്യത്തിൽ ബാങ്കുകളുടെ നിഷ്ക്രിയ ആസ്തി കുറയുകയും കൃത്യമായ വായ്പാ തിരിച്ചടവ് പ്രോത്സാഹിപ്പിച്ച് പരമാവധി കുടിശ്ശിക രഹിത ബാങ്കുകളാക്കി മാറ്റുകയും സഹകാരികളെ കടബാദ്ധ്യതയിൽനിന്നും ഒഴിവാക്കുകയും ചെയ്യുക എന്ന

ലക്ഷ്യത്തോടെയാണ് 'നവകേരളീയം കുടിശ്ശിക നിവാരണം 2018 ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി' നടപ്പിലാക്കിയത്. ഇതിന്റെ കാലാവധി ഫെബ്രുവരി 15 മുതൽ മാർച്ച് 25 വരെയായിരുന്നത് സഹകാരികളുടെയും സംഘങ്ങളുടെയും നിവേദനങ്ങളെത്തുടർന്ന് 31-03-2018 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. മരണപ്പെട്ടവരുടെയും മാരകരോഗങ്ങൾ ബാധിച്ചവരുടെയും ഉൾപ്പെടെ വായ്പക്കാരുടെ നിലവിലെ സാഹചര്യം, സാമ്പത്തിക സ്ഥിതി, തിരിച്ചടവ് ശേഷി എന്നിവ കണക്കിലെടുത്ത് വിവിധ ഇളവുകൾ നൽകിയാണ് പദ്ധതി നടപ്പിലാക്കുന്നത്. സഹകരണ സംഘങ്ങൾ വായ്പക്കാരുടെ കടബാദ്ധ്യത ഒഴിവാക്കുന്നതിനാൽ പ്രഖ്യാപിച്ചിരിക്കുന്ന കുടിശ്ശിക നിവാരണം പദ്ധതിയിൽ സർക്കാരിന് അധിക ബാദ്ധ്യതയൊന്നും നേരിടേണ്ടി വരുന്നില്ല. പദ്ധതി ദീർഘിപ്പിക്കേണ്ട സാഹചര്യമുണ്ടെന്ന് ബോധ്യപ്പെട്ടാൽ ആവശ്യമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

## (9) സ്കൂളുകളുടെ ഭൗതിക വികസനം

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സ്കൂളുകളുടെ ഭൗതിക വികസനത്തിനായി ചുമതലപ്പെടുത്തിയ കിറ്റ്കോ എന്ന ഏജൻസി സ്ഥലം എം.എൽ.എ., പി.ടി.എ. എന്നിവരോട് ആലോചിക്കാതെ തയ്യാറാക്കുന്ന മാസ്റ്റർ പ്ലാനിൽ സ്കൂളുകൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒഴിവാക്കപ്പെടുകയാണ്. ഇത്തരം ഏജൻസികളെ ഒഴിവാക്കി ക്രമക്കേടുകൾ തടയുന്നതിന് നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 8.12.2016-ലെ ഉത്തരവ് പ്രകാരം മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുന്ന സ്കൂളുകൾക്ക് പ്രാദേശിക തലത്തിൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ഇപ്രകാരം തയ്യാറാക്കുന്ന മാസ്റ്റർ പ്ലാനുകൾ പരിശോധിച്ച് കിഫ്ബി മാനദണ്ഡങ്ങൾ പ്രകാരം വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കാൻ സർക്കാർ അംഗീകൃത ഏജൻസിയായ കിറ്റ്കോയെ ചുമതലപ്പെടുത്തിയിരുന്നു. പ്രാദേശിക തലത്തിൽ ജനപ്രതിനിധികളും സ്കൂൾ അധികൃതരും പി.ടി.എ.-യും സംയുക്തമായി തയ്യാറാക്കിയ മാസ്റ്റർ പ്ലാനിനേയോ നിർദ്ദേശങ്ങളേയോ അവലംബിച്ചാണ് കിറ്റ്കോ പദ്ധതി രൂപരേഖ തയ്യാറാക്കിയിട്ടുള്ളത്. കെ.ഇ.ആർ. ചട്ടപ്രകാരം മാത്രമേ ക്ലാസ് മുറികൾ രൂപകൽപ്പന ചെയ്യാവൂ എന്ന് പ്രത്യേകം നിർദ്ദേശിച്ചിട്ടുണ്ട്. കിറ്റ്കോ തന്നെ എസ്റ്റിമേറ്റുണ്ടാക്കിയാൽ മതിയെന്ന് ആവശ്യപ്പെട്ട സ്കൂളുകൾക്കുമാത്രമേ അവർ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളൂ. അതാത് പ്രദേശങ്ങളിലെ എം.എൽ.എ.-മാരോടും പി.ടി.എ.-യോടും ചർച്ച ചെയ്തുമാത്രമേ അന്തിമ തീരുമാനമെടുക്കാവൂ എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്.

(10) ശനിയാഴ്ച അവധി ദിനമാക്കുന്നത് സംബന്ധിച്ച്

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സംസ്ഥാനത്തെ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾക്ക് ശനിയാഴ്ച അവധി ദിനമാക്കുന്നതിന് നടപടി

സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): ഹയർ സെക്കണ്ടറി സ്കൂളുകളിൽ നിന്നും വ്യത്യസ്തമായി പ്രവൃത്തി പരിചയത്തിന് കൂടുതൽ ഊന്നൽ നൽകിക്കൊണ്ടുള്ള പഠനപദ്ധതി ആയതിനാലാണ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾക്ക് ശനിയാഴ്ച ദിവസം കൂടി പ്രവൃത്തി ദിനമായി നിശ്ചയിച്ചിട്ടുള്ളത്. ഇത്തരത്തിലുള്ള ക്രമീകരണത്തിലൂടെ മാത്രമേ പാഠ്യപദ്ധതിയുടെ ബോധനം പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ. എന്നാൽ വൊക്കേഷണൽ ഹയർ സെക്കണ്ടറിയിൽ എൻ.എസ്.ക്യൂ.എഫ്. നടപ്പാക്കുന്ന സന്ദർഭത്തിലുണ്ടാകുന്ന മാറ്റത്തിനനുസരിച്ച് ഇക്കാര്യവും പരിശോധിക്കുന്നതാണ്.

## IV മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ ചട്ടം 47(2) അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## V റിപ്പോർട്ട് സമർപ്പണം

കാര്യോപദേശക സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## VI റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

## VII ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

### വന്യജീവി ആക്രമണംമൂലം ജീവഹാനി സംഭവിക്കുന്നവരുടെ ആശ്രിതർക്കുള്ള നഷ്ടപരിഹാരം

വന്യജീവി ആക്രമണം മൂലം ജീവഹാനി സംഭവിക്കുന്നവരുടെ ആശ്രിതർക്കും പരിക്കേൽക്കുന്നവർക്കുമുള്ള നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി ചട്ടം 300 അനുസരിച്ച് പ്രസ്താവന നടത്തി.

## VIII നിയമനിർമ്മാണ കാര്യം

### സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

(i) 2018-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): പ്രമേയത്തെ പിന്താങ്ങുന്നു.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സഹകരണ യൂണിയനുകളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിൽ വ്യത്യസ്ത മണ്ഡലങ്ങളിൽ നിന്ന് മത്സരിക്കുന്ന പ്രതിനിധികളെ എല്ലാ സഹകരണ സംഘങ്ങളുടെയും ഭരണസമിതി അംഗങ്ങൾ ചേർന്ന് തെരഞ്ഞെടുക്കുന്ന സ്ഥിതിയുണ്ടാകുമ്പോൾ കടലാസ് സംഘങ്ങളുടെയും പ്രവർത്തനരഹിത സംഘങ്ങളുടെയും ഭരണസമിതിയംഗങ്ങളുടെയും നിക്ഷിപ്തതാല്പര്യങ്ങൾ കടന്നുവരുന്നതിലെ അനൗചിത്യം കണക്കിലെടുത്തുകൊണ്ടാണ് ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. തെരഞ്ഞെടുക്കപ്പെടേണ്ടവരും തെരഞ്ഞെടുപ്പിന് വോട്ട് ചെയ്യേണ്ടവരും അതാത് വിഭാഗത്തിൽപ്പെടുന്നവരാകുന്നതാണ് ഉചിതം. ഇത്തരമൊരു നിയമ ഭേദഗതിയിലൂടെ യഥാർത്ഥ അവകാശികൾക്ക് സർക്കിൾ സഹകരണ യൂണിയന്റെ പ്രാതിനിധ്യം ഉറപ്പാക്കാൻ കഴിയുന്നതാണ്.

ശ്രീ. അടൂർ പ്രകാശ്: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സർക്കാരിന് താല്പര്യമില്ലാത്തവർ സംഘം രജിസ്റ്റർ ചെയ്താൽ അഫിലിയേഷൻ നൽകാൻ തയ്യാറാകാത്ത സമീപനമാണ് സ്വീകരിക്കുന്നത്. സംഘം രൂപവൽക്കരണം മൗലിക അവകാശമായി ഭരണഘടന ഉറപ്പുനൽകുമ്പോഴും സർക്കാർ അധികാരം

പ്രയോഗിക്കുകയും ഭരണസമിതി പിരിച്ചുവിടുകയും ചെയ്യുകയാണ്. കേരള ബാങ്ക് രൂപീകരണം ജില്ലാ സഹകരണ ബാങ്ക് ജീവനക്കാരെയും ഇടപാടുകാരെയും ആശങ്കയിലാഴ്ത്തിയിരിക്കുകയാണ്. നിലവിലുള്ള രീതിയിൽ അംഗങ്ങളെ തെരഞ്ഞെടുക്കുന്നതു സംബന്ധിച്ച് പരാതി ഇല്ലാത്ത സാഹചര്യത്തിൽ സഹകാരികൾ ആവശ്യപ്പെട്ടുവെന്ന വ്യാജേനയാണ് സർക്കാർ ഇത്തരമൊരു ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. സർക്കാർ മാറിവന്നതിനനുസരിച്ച് തങ്ങൾക്ക് വിധേയത്വമുള്ളവരെ കൊണ്ടുവരിക എന്ന ഉദ്ദേശമാണ് ഇതിനു പിന്നിലുള്ളത്. ജില്ലാ സഹകരണ ബാങ്കുകളിലെ ഭരണസമിതികൾ പിരിച്ചുവിട്ട് ഏർപ്പെടുത്തിയ അഡ്മിനിസ്ട്രേറ്റർ ഭരണം നീട്ടിക്കൊടുക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. വായ്പാ കുടിശ്ശികയുടെ പേരിൽ പാവപ്പെട്ട സഹകാരികളെ ബുദ്ധിമുട്ടിക്കുന്ന സമീപനമാണ് അഡ്മിനിസ്ട്രേറ്റർമാർ സ്വീകരിക്കുന്നത്. കിഫ്ബി ഫണ്ട് സഹകരണ ബാങ്കുകളിൽ നിക്ഷേപിക്കാൻ തയ്യാറാകാത്തത് എന്തുകൊണ്ടാണെന്നുള്ളത് വ്യക്തമാക്കണം. സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുകയും ഏകീകൃത പദ്ധതി നടപ്പിലാക്കുന്നതു സംബന്ധിച്ച് പരിശോധിക്കുകയും ചെയ്യണം. സഹകരണ പ്രസ്ഥാനത്തെ ഏകോപിപ്പിച്ച് ശക്തവും സുസ്ഥിരവുമായ സാമൂഹ്യ സാമ്പത്തിക വികസനം ഉറപ്പുവരുത്തണം. കയർ മേഖലയിലെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനും തൊണ്ട് സംഭരിക്കുന്നതിനും ചകിരിയുടെ ലഭ്യത

ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കണം. വനിതാ സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുകയും പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ ഫെഡറേഷനെ പദ്ധതികൾ ഏറ്റെടുത്തു നടത്താൻ കഴിയുന്ന വിധത്തിൽ പ്രാപ്തമാക്കുകയും വേണം. ബില്ലിൽ കൊണ്ടുവരാനുദ്ദേശിക്കുന്ന ഭേദഗതി അനവസരത്തിലുള്ളതാണ്.

## IX അറിയിപ്പ്

ചട്ടം വേവ് ചെയ്യുന്നത് സംബന്ധിച്ച്

മി. ഡെപ്യൂട്ടി സ്പീക്കർ: ഉച്ചയ്ക്ക് 12.30 മുതൽ 1.30 വരെ 2018-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കേണ്ടതായിരുന്നുവെങ്കിലും പ്രായോഗികതയുടെ അടിസ്ഥാനത്തിൽ കാര്യവിവരപ്പട്ടികയിൽ ചേർത്തിരിക്കുന്ന ക്രമത്തിൽ സഭയുടെ അനുമതിയോടെ ബില്ലുകൾ പരിഗണിക്കാൻ തീരുമാനിച്ചതായി അറിയിക്കുന്നു.

(നിയമ നിർമ്മാണകാര്യം ....( തുടർച്ച))

ശ്രീ. ഡി. കെ. മുരളി: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സഹകരണ രംഗത്ത് കേരളം ഇന്ത്യയ്ക്കുതന്നെ മാതൃകയാണ്. നോട്ട് നിരോധനത്തിലൂടെ കേരളത്തിലെ

സഹകരണ പ്രസ്ഥാനത്തെ തകർക്കുന്നതിനുള്ള ഗൂഢശ്രമങ്ങളാണ് കേന്ദ്രഗവൺമെന്റ് നടത്തിയത്. സാമൂഹ്യ പ്രതിബദ്ധതയോടുകൂടിയ പ്രവർത്തനങ്ങളുമായാണ് സഹകരണ വകുപ്പ് മുന്നോട്ടുപോകുന്നത്. സാമൂഹ്യക്ഷേമ രംഗത്ത് ശക്തമായ ഇടപെടലുകൾ നടത്താൻ കഴിയുന്നുണ്ട്. കെ.എസ്.ആർ.ടി.സി. പെൻഷൻ നൽകാൻ കഴിഞ്ഞത് ശ്ലാഘനീയമാണ്. കേരള സഹകരണ നയത്തിന് രൂപം കൊടുക്കാനുള്ള തീരുമാനം ഗവൺമെന്റിന് ഈ മേഖലയോടുള്ള പ്രതിബദ്ധത വ്യക്തമാക്കുന്നു. സഹകരണ സംഘങ്ങളിലൂടെ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ വിതരണം ചെയ്യുകയും ഹരിത സഹകരണം പദ്ധതി നടപ്പിലാക്കുകയും വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി പൊതുവിപണിയിൽ ഇടപെടുകയും നീതി സ്റ്റോറുകളെയും നീതി മെഡിക്കൽ സ്റ്റോറുകളെയും ശക്തിപ്പെടുത്തുകയും ചെയ്തു. വനിതാ സഹകരണ സംഘങ്ങളെയും വനിതാ ഫെഡറേഷനുകളെയും ആധുനികവത്കരിക്കുന്നതിനും എസ്.സി./എസ്.ടി. ഫെഡറേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന ആയുർധാരയുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനും മാതൃകാ സേവന സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചു. കേപ്-ന്റെ കീഴിലുള്ള പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും കർഷക സേവന കേന്ദ്രങ്ങളുടെ പ്രവർത്തനം വിപുലീകരിക്കുകയും ചെയ്തു. പ്രാഥമിക സഹകരണ സംഘങ്ങളിലൂടെ കശുവണ്ടി സംഭരിക്കുന്നതിനും

പൊതുവിപണിയിൽ കുറഞ്ഞ വിലയ്ക്ക് മലബാർ സിമെന്റ്സ് ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചു. ക്രമക്കേടുകൾ കണ്ടെത്തിയ സഹകരണ ബാങ്കുകളിൽ പരിശോധന കർശനമാക്കിയിട്ടുണ്ട്. സഹകരണ ബാങ്കുകളെ ആധുനികവത്കരിച്ചുകൊണ്ട് കേരള ബാങ്ക് രൂപീകരിക്കാൻ തീരുമാനിച്ച നടപടി സ്വാഗതാർഹമാണ്. സഹകരണ ഭരണ സമിതി തെരഞ്ഞെടുപ്പിൽ എല്ലാ മേഖലകളിലുമുള്ള സഹകരണ സംഘങ്ങളുടെ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിനും സഹകരണ സർക്കിൾ യൂണിയനെ കൂടുതൽ ജനാധിപത്യവൽക്കരിക്കുന്നതിനുമാണ് ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സഹകരണ യൂണിയനും സർക്കിൾ സഹകരണ യൂണിയനുകളും സംസ്ഥാനത്തെ സഹകരണ മേഖലയുടെ വളർച്ചയിൽ പ്രധാന പങ്ക് വഹിക്കുന്ന സ്ഥാപനങ്ങളാണ്. ഭരണ സമിതി തെരഞ്ഞെടുപ്പിൽ സഹകരണ പ്രസ്ഥാനത്തിന്റെ നട്ടെല്ലായ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിനുവേണ്ടിയാണ് ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. സഹകരണ ബാങ്കുകളെ ആധുനികവത്കരിച്ച് യുവതലമുറയെ ആകർഷിക്കുന്നതിനും വിദേശ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനും പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനുമാണ് കേരള ബാങ്ക് രൂപീകരിക്കുന്നത്.

ഗ്രാമപഞ്ചായത്തുകളുടെ ബാങ്കിംഗ് സ്ഥാപനമായി സഹകരണ സംഘങ്ങളെ മാറ്റുന്നതിനെപ്പറ്റി ആലോചിക്കുന്നതാണ്. ജില്ലാ സഹകരണ ബാങ്കുകളെ സംസ്ഥാന സഹകരണ ബാങ്കുമായി ലയിപ്പിക്കുന്നതിനുള്ള അനുമതിയാണ് റിസർവ് ബാങ്കിനോട് ആവശ്യപ്പെട്ടിട്ടുള്ളത്. കൊച്ചി മെട്രോ ഉൾപ്പെടെയുള്ള പദ്ധതികളുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട് നൽകിയതുൾപ്പെടെ കേരളത്തിലെ സഹകരണ പ്രസ്ഥാനങ്ങൾ വികസന പ്രവർത്തനങ്ങളുടെ കാര്യത്തിൽ സജീവമായി സഹായിച്ചിട്ടുണ്ട്. വനിതാ സംഘങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും എസ്.എസി./എസ്.ടി. ഫെഡറേഷന്റെയും കൺസ്യൂമർഫെഡ്ഡിന്റെയും കയർ മേഖലയുടെയും പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. സഹകരണ മേഖല വഴി സാമൂഹ്യക്ഷേമ പെൻഷനുകൾ വീടുകളിലെത്തിക്കാൻ കഴിഞ്ഞു. ജനാധിപത്യപരമായ രീതിയിൽത്തന്നെയാണ് സഹകരണ മേഖല പ്രവർത്തിച്ചുവരുന്നത്.

ശ്രീ. അടൂർ പ്രകാശ് അവതരിപ്പിച്ച ഭേദഗതി നിരാകരിക്കുകയും ശ്രീ. ഡി. കെ. മുരളി അവതരിപ്പിച്ച ഭേദഗതി 18-നെതിരെ 49 വോട്ടുകളോടെ സഭ പിൻവലിക്കുകയും ചെയ്തു.

സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

## 2-ാം വകുപ്പ്

116, 117, 120, 122, 124 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 3-ാം വകുപ്പ്

(ഭേദഗതി ഇല്ല)

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 1-ാം വകുപ്പും പീഠികയും പേരും

105, 110 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): 2018-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2018-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം 18-നെതിരെ 56 വോട്ടുകളോടെ സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(ii) 2018-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി (ഭേദഗതി) ബിൽ

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): കേന്ദ്ര സുരക്ഷാ അതോറിറ്റിയുടെ നിർദ്ദേശാനുസരണം റോഡ് സുരക്ഷാ കമ്മീഷണറെ നിയമിക്കുന്നതിന് ആക്ടിൽ ഭേദഗതി കൊണ്ടുവരാനാണ് ഈ ബിൽ അവതരിപ്പിച്ചിട്ടുള്ളത്. അഖിലേന്ത്യാ സർവ്വീസിൽ നിന്നുള്ള ഗവൺമെന്റ് സെക്രട്ടറി/പോലീസ് ഇൻസ്പെക്ടർ ജനറൽ/ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഇവരുടെ പദവിയിൽ താഴെയല്ലാത്ത ഉദ്യോഗസ്ഥനെ റോഡ് സുരക്ഷാ കമ്മീഷണറായി നിയമിക്കണമെന്ന സബ്ജക്ട് കമ്മിറ്റി തീരുമാനം നടപ്പിലാക്കാനാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്.

ശ്രീ. കെ. രാജൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. 'പോലീസ് ഇൻസ്പെക്ടർ ജനറലിന്റെ പദവിയിൽ താഴെയല്ലാത്ത' എന്നീ വാക്കുകൾക്കുപകരം 'അഖിലേന്ത്യാ സർവ്വീസിൽ നിന്നുള്ള ഗവൺമെന്റ് സെക്രട്ടറിയുടെയോ പോലീസ് ഇൻസ്പെക്ടർ ജനറലിന്റെയോ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെയോ പദവിയിൽ താഴെയല്ലാത്ത' ഒരാളെ നിയമിക്കാമെന്ന ഭേദഗതിയാണ് ഇതിലുള്ളത്. സംസ്ഥാനത്ത് റോഡ് സുരക്ഷയെക്കുറിച്ചും

റോഡുപയോഗത്തെക്കുറിച്ചും സാംസ്കാരികാവബോധം ഉണ്ടാക്കിയെടുക്കേണ്ടതുണ്ട്. നിയമവ്യവസ്ഥകൾ പാലിക്കാതെയുള്ള വാഹനങ്ങളുടെ അമിതവേഗതയും വാഹനപ്പെരുപ്പവും വാഹനം ഓടിക്കുന്നവരുടെ അശ്രദ്ധമൂലമുണ്ടാകുന്ന സംഘർഷഭരിതമായ മാനസികാവസ്ഥയുമാണ് പലപ്പോഴും റോഡപകടങ്ങൾക്ക് കാരണമാകുന്നത്. പൊതുഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തിക്കൊണ്ട് സ്വകാര്യ വാഹനങ്ങളുടെ എണ്ണം കുറയ്ക്കാനും ട്രാഫിക് നിയമങ്ങൾ കർശനമായി നടപ്പിലാക്കാനും സാധിക്കണം. വാണിജ്യാവശ്യത്തിനും പാർക്കിംഗിനും പാതയോരം ഉപയോഗിക്കുന്നത് നിയന്ത്രിക്കണം. റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് ദേശീയ ഹൈവേയുൾപ്പെടെയുള്ള സ്ഥലങ്ങളിൽ ക്യാമറ സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം. ഡ്രൈവർമാരുടെ നിയമലംഘനങ്ങൾക്ക് പെനാൽറ്റി പോയിന്റ് തീരുമാനിക്കണം. റോഡ് സുരക്ഷാ വീക്ഷണ രേഖയ്ക്ക് രൂപം നൽകിയ നടപടി അഭിനന്ദനാർഹമാണ്. 2011-20 വരെയുള്ള കാലയളവ് റോഡ് സുരക്ഷാ ദശാബ്ദമായി ആചരിക്കാനും ഇതിനായി മാർഗ്ഗരേഖ തയ്യാറാക്കാനുമുള്ള തീരുമാനം അഭിനന്ദനാർഹമാണ്. പ്രൈവറ്റ് ബസ്സുകളുടെ മത്സര ഓട്ടത്തിലൂടെ ഉണ്ടാകുന്ന റോഡപകടങ്ങൾ തടയുന്നതിനായി ഷെഡ്യൂൾ

നിശ്ചയിക്കുന്നതിന് പുതുക്കിയ മാനദണ്ഡം തയ്യാറാക്കുന്നതോടൊപ്പം ദേശീയപാതാ ജംഗ്ഷനുകളിൽ സിഗ്നൽ ലൈറ്റുകൾ സ്ഥാപിക്കുന്ന കാര്യവും പരിശോധനയ്ക്ക് വിധേയമാക്കണം. വിദ്യാഭ്യാസ വകുപ്പിന്റെ സഹായത്തോടുകൂടി സംസ്ഥാനത്ത് സ്കൂൾതലം മുതൽ 'റോഡ് സുരക്ഷ' കരിക്കുലത്തിന്റെ ഭാഗമാക്കി കുട്ടികളിൽ സുരക്ഷാ അവബോധവും ഗതാഗത സംസ്കാരവും സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. റോഡപകടങ്ങളിൽപ്പെടുന്നവർക്ക് ആദ്യത്തെ 48 മണിക്കൂർ സൗജന്യ ചികിത്സ നൽകുന്നതിനും റോഡ് സുരക്ഷാ അതോറിറ്റി ശാക്തീകരിക്കുന്നതിനും പി.ഡബ്ല്യൂ.ഡി. റോഡുകൾ നവീകരിക്കുന്നതിനും റോഡ് നിർമ്മാണപ്രവർത്തനങ്ങളിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ ഉപയോഗിക്കുന്നതിനും നടപടി സ്വീകരിച്ച സർക്കാർ നിലപാട് പ്രശംസനീയമാണ്. ജസ്റ്റിസ് രാധാകൃഷ്ണൻ ചെയർമാനായ റോഡ് സേഫ്റ്റി കമ്മിറ്റിയുടെ നിരീക്ഷണത്തിന്റെ ഭാഗമായി ട്രാൻസ്പോർട്ട് കമ്മീഷണർക്ക് പകരം അഖിലേന്ത്യാ സർവ്വീസിൽ നിന്നുള്ള ഗവൺമെന്റ് സെക്രട്ടറിയുടെയോ പോലീസ് ഇൻസ്പെക്ടർ ജനറലിന്റെയോ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെയോ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥനെ മുഴുവൻ സമയ റോഡ് സുരക്ഷാ കമ്മീഷണറായി നിയമിക്കാനുള്ള സർക്കാർ തീരുമാനം സ്വാഗതാർഹമാണ്. അന്യസംസ്ഥാനങ്ങളിൽ നിന്ന് വരുന്ന വാഹനങ്ങളിൽ നിന്നും ഈടാക്കുന്ന സെസ് റോഡ് സേഫ്റ്റി ഫണ്ടിലൂടെ വിനിയോഗിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ഒന്നിലധികം

വാഹനങ്ങളുള്ളവരിൽനിന്നും കൂടുതൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കണം. അടിയന്തര ഘട്ടങ്ങളിൽ ഡ്രൈവർമാരുടെ ലൈസൻസ് റദ്ദ് ചെയ്യാനുള്ള തീരുമാനവും റോഡ് സുരക്ഷാ അതോറിറ്റിയുടെ നേതൃത്വത്തിൽ 275 ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തി പരിശോധന നടത്തിയതും അഭിനന്ദനാർഹമാണ്. അശാസ്ത്രീയമായ റോഡ് നിർമ്മാണം തടയുന്നതിനും 'ശബരിമല സേഫ് സോൺ' മാതൃക സംസ്ഥാനത്ത് വ്യാപിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. അബ്ദുൽ ഹമീദ്. പി: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. മലപ്പുറം ജില്ലയിലെ റോഡ് സുരക്ഷാ മാനദണ്ഡങ്ങൾ ശക്തിപ്പെടുത്തുന്നതിനും ചേളാരി മുതൽ ഇടിമുഴക്കൽ വരെയുള്ള ഭാഗത്തെ ഗതാഗതക്കുരുക്കും അപകട മരണങ്ങളും കുറയ്ക്കുന്നതിനായി വിളിച്ചുകൂട്ടിയ യോഗ തീരുമാനം പ്രാവർത്തികമാക്കുന്നതിനും റോഡ് സുരക്ഷാ പ്രാധാന്യം സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നതിനും വാഹന വർദ്ധനവിനനുസരിച്ച് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം. റോഡ് സുരക്ഷാ അവബോധത്തിന് ഊന്നൽ നൽകുകയും പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുകയും പബ്ലിക് ട്രാൻസ്പോർട്ട് സംവിധാനം കാര്യക്ഷമമാക്കി സ്വകാര്യ വാഹനങ്ങൾ

നിരത്തിലിറങ്ങുന്നത് കുറയ്ക്കുകയും ചെയ്യണം. വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് സാധിക്കും. ട്രാഫിക് നിയമങ്ങൾ കർശനമായി പാലിക്കാനും കാലോചിതമായി പരിഷ്കരിക്കാനും ട്രാഫിക് നിയമം ലംഘിക്കുന്നവർക്ക് ലൈസൻസ് റദ്ദ് ചെയ്യുന്നതടക്കമുള്ള കടുത്ത ശിക്ഷ നൽകാനും ട്രാഫിക് ബോധവൽക്കരണ പ്രവർത്തനങ്ങൾ ശക്തമാക്കാനും നടപടി സ്വീകരിക്കണം. റോഡ് കയ്യേറ്റങ്ങൾ അവസാനിപ്പിക്കുകയും റോഡ് സേഫ്റ്റി ബോർഡ് കൃത്യമായി യോഗം ചേരുകയും ചെയ്യണം. പോലീസ്, മോട്ടോർ വാഹന വകുപ്പുകളുടെ സേവനങ്ങൾ റോഡ് സുരക്ഷാ അതോറിറ്റി ഉപയോഗപ്പെടുത്തണം. മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റിലെ ഫീൽഡ് സ്റ്റാഫിന്റെ കുറവ് സുരക്ഷാപ്രവർത്തനങ്ങളെ ബാധിക്കുന്നുണ്ട്. ലൈസൻസ് നൽകുന്നതിനുള്ള നിബന്ധനകൾ ശക്തമാക്കണം.എല്ലാ ജില്ലകളിലും റോഡ് സുരക്ഷാ സമിതികൾ രൂപീകരിക്കുന്നതിനും ജനപ്രതിനിധികളെ ഉൾപ്പെടുത്തുന്നതിനും ജില്ലാതലത്തിൽ സ്ഥിരം ഓഫീസ് അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം. സൂപ്പർ ഫാസ്റ്റ്, ഡീലക്സ് ബസ്സുകളിൽ സ്റ്റാന്റിംഗ് ട്രിപ് അനുവദിക്കാൻ പാടില്ലെന്ന ഹൈക്കോടതി വിധി നടപ്പിലാക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): ബഹുമാനപ്പെട്ട അംഗങ്ങൾ സംസ്ഥാനത്തെ റോഡപകടങ്ങൾ കുറയ്ക്കുന്നതിന് വിശദമായ വിലയിരുത്തലുകളും

നിർദ്ദേശങ്ങളുമാണ് ഇവിടെ നൽകിയിട്ടുള്ളത്. പത്തുവർഷംകൊണ്ട് സംസ്ഥാനത്തെ റോഡപകടങ്ങളുടെ നിരക്ക് 50 ശതമാനമായി കുറയ്ക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനുമാണ് റോഡ് സുരക്ഷാ അതോറിറ്റിക്ക് പ്രത്യേക ചുമതലയുള്ള ഒരു ഉദ്യോഗസ്ഥൻ നേതൃത്വം നൽകണമെന്ന് ജസ്റ്റിസ് രാധാകൃഷ്ണൻ കമ്മീഷൻ നിർദ്ദേശിച്ചത്. വിവിധ വകുപ്പുകളിലൂടെ അത്തരം ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് സർക്കാർ നേതൃത്വം നൽകിക്കൊണ്ടിരിക്കുകയാണ്. റോഡ് സുരക്ഷാ അതോറിറ്റിയിൽ ജനപ്രതിനിധികളെ ഉൾക്കൊള്ളിക്കുന്ന നിയമം നിലവിലില്ല. റോഡ് സുരക്ഷാ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് 275 ബ്ലാക്ക് സ്പോട്ടുകൾ കേന്ദ്രീകരിച്ച് പ്രത്യേക പദ്ധതിയും വിദ്യാർത്ഥികളിൽ ട്രാഫിക് അവബോധം സൃഷ്ടിക്കുന്നതിനായി 'സ്മാർട്ട് ട്രാഫിക് ക്ലാസ് റൂം' പദ്ധതിയും നടപ്പാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. എല്ലാ എം.എൽ.എ.-മാരും സഹകരിക്കുകയാണെങ്കിൽ അവരവരുടെ മണ്ഡലങ്ങളിലെ ഒരു വിദ്യാലയത്തിൽ 'സ്മാർട്ട് ട്രാഫിക് ക്ലാസ് റൂം' പ്രാവർത്തികമാക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കാവുന്നതാണ്. കഴക്കൂട്ടം മുതൽ അടൂർ വരെയുള്ള ഭാഗത്ത് മോഡൽ സേഫ് കോറിഡോർ സംവിധാനം വിജയകരമായി പൂർത്തിയാക്കിയിട്ടുണ്ട്. സാമ്പത്തിക ലഭ്യതയും സ്ഥല ലഭ്യതയും അനുസരിച്ച് ഇത്തരത്തിലുള്ള കോറിഡോറുകൾ മറ്റ്

സ്ഥലങ്ങളിലും സ്ഥാപിക്കുന്നതാണ്. വിവിധ ഡിപ്പാർട്ടുമെന്റുകൾ നടത്തുന്ന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനുള്ള ചുമതല ജില്ലാ കളക്ടർമാർക്കാണ്. ഗതാഗത രംഗത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്ന പരിഷ്കരണ നടപടികൾ സ്വാധീനങ്ങൾക്ക് വഴങ്ങാതെ പൂർത്തീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഡ്രൈവിംഗ് സ്കൂളുകൾ ആധുനികവൽക്കരിക്കുന്നതിനും എല്ലാ ജില്ലകളിലും ഡ്രൈവിംഗ് പരിശീലന കേന്ദ്രങ്ങളും ഓട്ടോമാറ്റഡ് ഡ്രൈവിംഗ് ടെസ്റ്റ് കേന്ദ്രങ്ങളും ആരംഭിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. റോഡ് നിയമങ്ങൾ ലംഘിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിച്ചുവരികയാണ്. ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള പരിശോധന നടത്തി ചട്ടലംഘനം നടത്തുന്നവരെ കണ്ടെത്തുന്നതിനുള്ള നടപടികളാണ് സ്വീകരിക്കുന്നത്. ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>2-ാം വകുപ്പ്</u>

113, 114, 116, 118, 120, 127, 128, 130, 132, 137 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

129. ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 9-ാം വകുപ്പിൽ, "സുരക്ഷാ കമ്മീഷണറായി" എന്ന വാക്കുകൾക്കു ശേഷം "അന്യത്ര സേവനവ്യവസ്ഥയിൽ" എന്ന വാക്കുകൾ ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

127. ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 9-ാം വകുപ്പിൽ, "താഴെയല്ലാത്ത" എന്ന വാക്കിന് പകരം "കുറയാത്ത" എന്ന വാക്ക് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പ്

(ഭേദഗതിയില്ല)

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

105. തത്വപ്രഖ്യാപനവാക്യത്തിൽ "ആറുപത്തിയൊൻപതാം" എന്ന വാക്കിന് പകരം "അറുപത്തിയൊൻപതാം" എന്ന വാക്ക് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) : 2018-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2018-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ ഐകകണ്ഠ്യേന പാസ്സാക്കി.

(2) 2018-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): 2018-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ഡോ. ടി. എം. തോമസ് ഐസക്: 2003-ലെ കേരള ധനഉത്തരവാദിത്ത നിയമത്തിന്റെ ഭേദഗതിയാണിത്. 14-ാം ധനകാര്യ കമ്മീഷന്റെ ഭാഗമായി പ്രസ്തുത ഭേദഗതി വരുത്തേണ്ടതായിരുന്നു. പുതിയ ധനകാര്യ കമ്മീഷൻ നിലവിൽ വരുന്നതനുസരിച്ച് ഔപചാരികമായ ഭേദഗതിയെങ്കിലും വരുത്തേണ്ടതുണ്ട്. ഈ ബിൽ ധനകാര്യ ബില്ലിന്റെ ഭാഗമായി അവതരിപ്പിക്കാൻ ഉദ്ദേശിച്ചിരുന്നെങ്കിലും ദൗർഭാഗ്യവശാൽ അതിൽ ഉൾപ്പെടുത്തുന്നതുസംബന്ധിച്ച നടപടിക്രമങ്ങളിൽ വീഴ്ച

സംഭവിച്ചു. ഇക്കാര്യത്തിൽ സഹകരിച്ച എല്ലാവർക്കും നന്ദി രേഖപ്പെടുത്തുന്നു.

ശ്രീ. പി. കെ. ശശി: ബില്ലിനെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ താല്പര്യങ്ങൾക്ക് വിരുദ്ധമായ നിലപാടാണ് കേന്ദ്ര ധനകാര്യ കമ്മീഷൻ എക്കാലവും സ്വീകരിച്ചിട്ടുള്ളത്. ജി.എസ്.ടി.-യും നോട്ട് നിരോധനവും സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ ദുർബലപ്പെടുത്തി. ജി.എസ്.ടി. നടപ്പാക്കിയതിലൂടെ സംസ്ഥാനങ്ങളുടെ അധികാരം കേന്ദ്ര സർക്കാർ കവർന്നെടുത്തിരിക്കുകയാണ്. റവന്യൂ കമ്മി കുറച്ചുകൊണ്ടുവരികയെന്ന ലക്ഷ്യത്തോടെ കേരളത്തിന്റെ സാമ്പത്തിക സന്തുലിതാവസ്ഥ സംരക്ഷിക്കുന്ന ബിൽ എന്നുള്ള നിലയിലാണ് ഈ നിയമനിർമ്മാണത്തെ കാണേണ്ടത്. സാമ്പത്തിക അച്ചടക്കം പൂർണ്ണമായി പാലിക്കാനും വികസന പ്രക്രിയയ്ക്ക് മാനം നൽകാനുമുതകുന്ന ബില്ലാണിത്. 2011-12 വർഷത്തെ റിട്ടേൺ സമർപ്പിക്കണമെന്ന് ചെറുകിട കച്ചവടക്കാരോട് ആവശ്യപ്പെട്ടിരിക്കുകയാണ്. ആറ് വർഷം മുമ്പുള്ള കണക്കുകൾ ആറ് ദിവസത്തിനുള്ളിൽ സമർപ്പിക്കണമെന്ന നിർദ്ദേശത്തിന്മേൽ വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നും ആവശ്യമായ ഇടപെടൽ ഉണ്ടാകണം.

ശ്രീ. എൻ. ഷംസുദ്ദീൻ: ബില്ലിനെ എതിർക്കുന്നു. അടുത്ത മൂന്ന് വർഷത്തിനുള്ളിൽ ഫിസ്കൽ-റവന്യൂ ഡെഫിസിറ്റുകൾ കുറച്ചുകൊണ്ടുവന്ന് ഡെഫിസിറ്റ് ഇല്ലാതാക്കുമെന്നുള്ള നിരർത്ഥകമായ പ്രഖ്യാപനമാണ് ഈ ബില്ലിലൂടെ

നടത്തുന്നത്. കിഫ്ബിയിലൂടെ സമാഹരിക്കുന്ന വായ്പയുടെ തിരിച്ചടവ് ഭാവിയിലെ റവന്യൂ വരുമാനത്തിൽ നിന്നാകുന്നത് ബില്ലിന്റെ ഉദ്ദേശ്യത്തിന് കടകവിരുദ്ധമാണ്. നികുതി വരുമാനം കുറഞ്ഞതും കേരളം കടക്കെണിയിലായതും സർക്കാരിന്റെ മിസ്‌മാനേജ്‌മെന്റ് കാരണമാണ്.

ശ്രീ. ചിറ്റയം ഗോപകുമാർ: ബില്ലിനെ അനുകൂലിക്കുന്നു. മുൻ യു.ഡി.എഫ്. സർക്കാരിന്റെ കെടുകാര്യസ്ഥതയാണ് സംസ്ഥാനം സാമ്പത്തികമായി പ്രതിസന്ധിയിലാകാനുള്ള കാരണം. ജി.എസ്.ടി. നിലവിൽ വന്നതുമൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധി മറികടക്കാനുള്ള പരിശ്രമമാണ് സർക്കാർ നടത്തുന്നത്. നികുതി ചോർച്ച തടയുന്നതിനായി ചെക്ക്പോസ്റ്റുകളിൽ ജോലി ചെയ്തിരുന്ന ഉദ്യോഗസ്ഥരെയടക്കം ഉൾപ്പെടുത്തി പരിശോധന കർശനമാക്കുന്നതിന് വിജിലൻസ് സംവിധാനം ശക്തമാക്കണം. പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കിക്കൊണ്ട് അധികച്ചെലവ് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണം. സ്ഥിരം തൊഴിൽ ഇല്ലാതാക്കുന്ന കേന്ദ്ര സർക്കാർ നയത്തിനെതിരെ ശക്തമായി പ്രതിഷേധിക്കണം.

ശ്രീ. സി. കെ. നാണു: ബില്ലിനെ അനുകൂലിക്കുന്നു. വൻകിട കുത്തകകളുടെ താല്പര്യങ്ങൾ മാത്രം സംരക്ഷിക്കുന്ന നിലപാടാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. നോട്ട് പിൻവലിക്കലും മുന്നൊരുക്കമില്ലാതെയുള്ള ജി.എസ്.ടി.

നടപ്പാക്കലുംമൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനുള്ള ഫലപ്രദമായ നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്.

ഡോ. എൻ. ജയരാജ്: മുൻവർഷത്തെ അപേക്ഷിച്ച് റവന്യൂ കമ്മി കുറയ്ക്കാൻ കഴിഞ്ഞത് പ്രധാനപ്പെട്ട കാര്യമാണ്. ധൂർത്ത് ഒഴിവാക്കുന്നതിനും സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിനും ജി.എസ്.ടി.-യിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനും ശ്രമമുണ്ടാകണം.

ശ്രീ. കെ. ദാസൻ: ബില്ലിനെ അനുകൂലിക്കുന്നു. മുൻ സർക്കാരിന്റെ അഴിമതിയും കെടുകാര്യസ്ഥതയുമാണ് സംസ്ഥാനത്തെ സാമ്പത്തിക തകർച്ചയിലേയ്ക്ക് നയിച്ചത്. സമയാസമയങ്ങളിൽ നികുതി പിരിച്ചെടുക്കാൻ മുൻ സർക്കാർ തയ്യാറാകാത്തത് സാമ്പത്തിക അസന്തുലിതാവസ്ഥയ്ക്ക് കാരണമായിട്ടുണ്ട്. പ്രഖ്യാപിച്ച പദ്ധതികൾ നടപ്പാക്കാൻ കഴിയാത്ത സ്വപ്ന ബഡ്ജറ്റുകളായിരുന്നു കഴിഞ്ഞ അഞ്ചുവർഷക്കാലവും അവതരിപ്പിച്ചിരുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ധനക്കമ്മി നികത്തുന്നതിനായി കേന്ദ്ര ഗവൺമെന്റ് നൽകിയ 900 കോടിയിൽപ്പരം രൂപയുടെ വിനിയോഗം സംബന്ധിച്ച് വ്യക്തമാക്കണം. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ആസ്തി വികസന ഫണ്ട് നൽകാനാണ് ഇടതുമുന്നണി സർക്കാർ തീരുമാനിച്ചിട്ടുള്ളത്. നികുതി പിരിക്കാനുള്ള സംസ്ഥാനങ്ങളുടെ അവകാശം കേന്ദ്ര ഗവൺമെന്റ് കവർന്നെടുത്തിരിക്കുകയാണ്.

ജി.എസ്.ടി., നോട്ട് നിരോധനം ഉൾപ്പെടെയുള്ള കേന്ദ്ര ഗവൺമെന്റിന്റെ വികലമായ സാമ്പത്തികനയങ്ങൾ സംസ്ഥാനത്തിന്റെ വളർച്ചയെ പ്രതികൂലമായി ബാധിച്ചിരിക്കുകയാണ്. മത്സ്യബന്ധന മേഖലയിൽ മാറ്റങ്ങൾക്ക് തുടക്കം കുറിക്കാനും സാമൂഹ്യ സുരക്ഷാപദ്ധതികൾ നടപ്പിലാക്കാനും കയർ, കൈത്തറി തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കുന്നതിന് ദീർഘവീക്ഷണത്തോടെയുള്ള പ്രവർത്തനങ്ങളുമായാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. റവന്യൂക്കമ്മിയും ധനക്കമ്മിയും കുറച്ചുകൊണ്ടുവരാനുള്ള ധനകാര്യ വകുപ്പിന്റെ ശ്രമങ്ങൾ അഭിനന്ദനാർഹമാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ബില്ലിനെ എതിർക്കുന്നു. പ്രതിപക്ഷത്തിരുന്നപ്പോൾ എതിർത്തിരുന്ന കാര്യങ്ങൾ നടപ്പിലാക്കാനാണ് ധനകാര്യ വകുപ്പുമന്ത്രി ശ്രമിക്കുന്നത്. സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കാതെ 2018-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ പാസ്സാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. ഈ ഗവൺമെന്റ് റവന്യൂകമ്മി കുറച്ചു കൊണ്ടുവരുന്നതിന് യാതൊരുവിധ സാമ്പത്തിക അച്ചടക്കവും പാലിച്ചിരുന്നില്ലെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. ഈ ഗവൺമെന്റിന്റെ ആരംഭഘട്ടത്തിൽ 01.73 ആയിരുന്ന റവന്യൂകമ്മി 02.51 ശതമാനമായും ധനക്കമ്മി 03.19-ൽനിന്ന് 4.29 ശതമാനമായും വർദ്ധിക്കുകയാണുണ്ടായത്. ഈ

ഗവൺമെന്റിന്റെ രണ്ടുവർഷക്കാലത്തിനിടയിൽ കടത്തിന്റെ തോത് കുതിച്ചുയരുകയാണ്. പ്രത്യുല്പാദനപരമല്ലാത്ത കാര്യങ്ങൾക്കും നിത്യനിദാന ചെലവുകൾക്കുമായി കടംവാങ്ങിയതിലൂടെ സംസ്ഥാനത്തിന്റെ ധനകാര്യ മാനേജ്മെന്റ് തകർന്നിരിക്കുകയാണ്. കിഫ്ബിയിൽ സമാഹരിച്ച 4062 കോടി രൂപയിൽ 1227 കോടി രൂപ ഉയർന്ന പലിശ ലഭിക്കുന്നതിനായി പുതുതലമുറ ബാങ്കുകളിൽ നിക്ഷേപിച്ചത് സംബന്ധിച്ച് വ്യക്തമാക്കണം. സഹകരണ ബാങ്കുകളിൽ കോർ ബാങ്കിംഗ് ഏർപ്പെടുത്തുന്നതിനായി ടെണ്ടർ ക്ഷണിക്കാതെ 168 കോടി രൂപയുടെ കരാർ നൽകിയ നടപടി ഖേദകരമാണ്. സംസ്ഥാനത്തെ കടക്കെണിയിലേയ്ക്ക് എത്തിക്കുകയാണ് സർക്കാർ ചെയ്തിരിക്കുന്നത്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): വായ്പയെടുക്കുന്ന തുകയുടെ ഭൂരിഭാഗവും മൂലധന ചെലവിലേയ്ക്ക് മാറ്റിവച്ചുകൊണ്ട് റവന്യൂ കമ്മി ഗണ്യമായും ധനക്കമ്മി 3 ശതമാനമായും കുറയ്ക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഒരു കോടി രൂപയിൽ കൂടുതൽ ടേൺ ഓവറുള്ള ചെറുകിട വ്യാപാരികളുടെ മുൻ വർഷങ്ങളിലെ കണക്കുകളിൽ മാത്രമേ പരിശോധന നടത്തി തീരുമാനമെടുക്കുകയുള്ളൂ. ചെക്ക്പോസ്റ്റുകളിൽ എൻഫോഴ്സ്മെന്റ് സംവിധാനം ശക്തിപ്പെടുത്തുന്നതാണ്. സംസ്ഥാനത്തിന്റെ പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി വായ്പയെടുത്ത് നിർമ്മാണ പ്രവർത്തനങ്ങൾ

നടത്തുന്നതിന്റെ പ്രയോജനം ഭാവിയിലാണ് ലഭിക്കുന്നത്. ട്രഷറിയിലെ സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിൽ കിഫ്ബി ഫണ്ട് നിക്ഷേപിച്ചാൽ പലിശ ലഭിക്കുകയില്ല. കിഫ്ബിയുടെ ക്രെഡിറ്റ് റേറ്റിംഗ് ഫലപ്രദമായ ഇൻവെസ്റ്റ്മെന്റിനെ ആശ്രയിച്ചാണിരിക്കുന്നത്. ഇൻവെസ്റ്റ്മെന്റ് മാനേജ്മെന്റ് കമ്മിറ്റിയുടെ തീരുമാനപ്രകാരവും സെബി അംഗീകരിച്ച ക്രെഡിറ്റ് റേറ്റിംഗ് ഏജൻസികളുടെ വിലയിരുത്തൽ അനുസരിച്ചുമാണ് ഡൈവേഴ്സിഫൈ ചെയ്ത് ഉയർന്ന പലിശ കിട്ടുന്ന തരത്തിൽ കിഫ്ബി ഫണ്ട് ഇൻവെസ്റ്റ് ചെയ്തിരിക്കുന്നത്. സെബി അപ്രൂവ് ചെയ്ത ഏജൻസികൾ നല്ല റേറ്റിംഗ് നൽകിയിട്ടുണ്ട്. ഉയർന്ന റേറ്റ് ഓഫ് ഇന്ററസ്റ്റ് നൽകാൻ തയ്യാറുള്ള സ്ഥാപനങ്ങളിൽ തുക ഇൻവെസ്റ്റ് ചെയ്യുന്നതിനാണ് ഉദ്ദേശിക്കുന്നത്. കൂടുതൽ തുക ഒറ്റ ബാങ്കിൽ നിക്ഷേപിക്കുന്നതിനുപകരം ഡൈവേഴ്സിഫൈ ചെയ്ത് പല സ്ഥാപനങ്ങളിലായാണ് നിക്ഷേപിക്കുന്നത്. കിഫ്ബിയുടെ ഫണ്ട് ട്രസ്റ്റീസിൽ വിശ്വാസമർപ്പിച്ചാണ് മുന്നോട്ടുപോകുന്നത്. നിർവ്വഹണ ഏജൻസികളുടെ പേമെന്റ് ഷെഡ്യൂൾ പ്രകാരം ഭൂമി എറ്റെടുക്കുന്നതുൾപ്പെടെയുള്ള ആവശ്യങ്ങൾക്ക് പണം പിൻവലിക്കുന്നതിന് സൗകര്യമൊരുക്കുന്നതിനു വേണ്ടിയാണ് സേവിംഗ്സ് ബാങ്കിൽ നിക്ഷേപിക്കാൻ തീരുമാനിച്ചത്. സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിക്കുന്നതിനാൽ ഇൻവെസ്റ്റ്മെന്റിലെ റിട്ടേൺസിന് ടൈം ഫാക്ടർ ബാധകമല്ല. നാഷണലൈസ്ഡ്

ബാങ്കുകൾ കുറഞ്ഞ റേറ്റ് ഓഫ് റിട്ടേൺ ഓഫർ ചെയ്തതിനാലാണ് ഉയർന്ന റേറ്റ് ഓഫ് റിട്ടേൺ നൽകുന്ന സ്ഥാപനങ്ങളെ ആശ്രയിക്കേണ്ടി വന്നത്. അതുമൂലം കിഫ്ബിക്ക് വരുമാനം ഉറപ്പാക്കാൻ സാധിക്കുന്നുണ്ട്. പരമാവധി 91 ദിവസമാണ് നിക്ഷേപ കാലാവധി. ഒരേ ദിവസം രണ്ട് റേറ്റ് ഓഫ് ഇന്ററസ്റ്റ് ക്വാട്ട് ചെയ്തതും കൊടാക് മഹീന്ദ്രയിൽ അഞ്ഞൂറുകോടി രൂപ നിക്ഷേപിച്ചതും സംബന്ധിച്ച് പരിശോധിക്കുന്നതാണ്. കേന്ദ്രസർക്കാരുകൾ തുടർന്നു വന്ന സാമ്പത്തിക നയസമീപനങ്ങളുടെ ഫലമായി സോഷ്യൽ സെക്ടറിലെ വളർച്ച കുറയുകയാണ് ചെയ്തത്. സംസ്ഥാനം ഫിസ്കൽ ഡെഫിസിറ്റ് 2 ശതമാനമായി കുറച്ചുകൊണ്ടുവരാനാണ് ശ്രമിക്കുന്നത്. കാർഷിക മേഖലയെ പ്രോത്സാഹിപ്പിച്ചും സാധാരണക്കാരന്റെ ക്രയശേഷി വർദ്ധിപ്പിച്ചുകൊണ്ടുമുള്ള പ്രവർത്തനങ്ങളാണ് സർക്കാർ നടത്തുന്നത്. പബ്ലിക് ഏജൻസി വഴി മേജർ ഇൻവെസ്റ്റ്മെന്റ് നടത്തിയും പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് വ്യത്യസ്തമായ മാർഗ്ഗം സ്വീകരിച്ചും ഓരോ മേഖലയിലും പുരോഗതി സാദ്ധ്യമാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

(കിഫ്ബി ഇൻവെസ്റ്റ്മെന്റുമായി ബന്ധപ്പെട്ട ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവ് പ്രസ്താവന നടത്തിയതിനുശേഷം പ്രതിപക്ഷം ഒന്നടങ്കം സഭ ബഹിഷ്ക്കരിച്ചു.)

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

ബില്ലിലെ രണ്ടാം ഖണ്ഡപ്രകാരം പകരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 4-ാം വകുപ്പ് (2-ാം ) ഉപവകുപ്പിൽ, "പ്രത്യേകിച്ചും" എന്ന് ആരംഭിക്കുന്നതും "റവന്യൂ കമ്മി പൂജ്യമായി നിലനിർത്തേണ്ടതും" എന്ന് അവസാനിക്കുന്നതുമായ ഭാഗത്തിന് പകരം താഴെപ്പറയുന്ന ഭാഗം ചേർക്കേണ്ടതാണ്, അതായത്:-

"പ്രത്യേകിച്ചും മുൻപറഞ്ഞ വ്യവസ്ഥയുടെ സാമാന്യതയ്ക്ക് ഭംഗം വരാതെയും, സർക്കാർ റവന്യൂകമ്മി 2017-18 മുതൽ 2019-2020 വരെയുള്ള കാലയളവിൽ പൂർണ്ണമായും ഇല്ലാതാക്കേണ്ടതും,-" .

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): 2018-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2018-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

സഭ വൈകുന്നേരം 4.21-ന് പിരിഞ്ഞു.

* * * * *